# Malayala Manorama
# 29 August 2018
# After Flood, Relief Camps in Schools

## സ്കൂളുകളിലെ ക്യാംപുകൾ രണ്ടു മൂന്നു ദിവസം കൂടിയെന്നു മുഖ്യമന്ത്രി

ഇപ്പോഴും സ്കൂളുകളിലുള്ള ദുരിതാശ്വാസ ക്യാംപുകൾ രണ്ടോ മൂന്നോ ദിവസത്തിനകം പിരിച്ചുവിടാനാകുമെന്നു കരുതുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ക്യാംപിലുള്ളവരെ താമസിപ്പിക്കാൻ ഓഡിറ്റോറിയങ്ങൾ, വലിയ കെട്ടിടങ്ങൾ, ഒഴിഞ്ഞുകിടക്കുന്ന വലിയ വീടുകൾ എന്നിവ കണ്ടെത്തണമെന്നാണു കലക്ടർമാർക്കുള്ള നിർദേശം.

വിവിധ ജില്ലകളിലെ ഇപ്പോഴത്തെ സ്ഥിതി ഇങ്ങനെ:

**ആലപ്പുഴ:** 98 സ്കൂളുകളിലായി താമസിക്കുന്ന ജനങ്ങളെ മറ്റു സുരക്ഷിത കേന്ദ്രങ്ങളിലേക്കോ മാറ്റാനാണു തീരുമാനം.

**ഇടുക്കി:** കഞ്ഞിക്കുഴി നങ്കി സിറ്റി ഗവ. എൽപി സ്കൂൾ, വെള്ളത്തൂവൽ കല്ലാർകുട്ടി ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിൽ അധ്യയനത്തെ ബാധിക്കാത്ത രീതിയിൽ ദുരിതാശ്വാസ ക്യാംപ് തുടരുന്നുണ്ട്. നങ്കി സിറ്റി സ്കൂളിൽ 100 പേരും കല്ലാർകുട്ടി സ്കൂളിൽ 48 പേരുമുണ്ട്. അടിമാലി മുക്കുടം വിജ്ഞാനം എൽപി സ്കൂളിൽ ഇന്ന് അഞ്ചാം ക്ലാസ് മാത്രമാകും ആരംഭിക്കുക. ആനവിരട്ടി ഗവ. എൽപി സ്കൂളിലെ 46 വിദ്യാർഥികൾക്ക് തൊട്ടടുത്തുള്ള പ്രത്യാശ ഭവൻ കെട്ടിടത്തിലാണു ക്ലാസ്.

**കോട്ടയം:** ക്യാംപുകൾ പ്രവർത്തിച്ചിരുന്ന 239 സ്കൂളുകളും ഇന്നു തുറക്കും. കരീമഠം ഗവ.യുപി സ്കൂളിൽ മാത്രമാണ് ഇന്നു ക്ലാസില്ലാത്തത്.

**മലപ്പുറം:** കൊണ്ടോട്ടി മൊറയൂർ ജിഎംഎൽപി സ്കൂളിലെ ക്യാംപിലെ 18 പേരെ അതേ വളപ്പിലെ ബിആർസി കെട്ടിടത്തിലേക്കു മാറ്റി. 10 പേരുള്ള മൊറയൂർ ഒഴുകൂർ കുന്നക്കാട് അങ്കണവാടിയിലെ ക്യാംപ് ഒന്നാംനിലയിലേക്കു മാറ്റി.

**വയനാട്:** കുറിച്യർമല ഗവ. എൽപി സ്കൂളിൽ സമീപത്തെ മേൽമുറി മദ്രസയിലാകും ക്ലാസ്.